**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5088** **20-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള വിഹിതം കുടിശ്ശികയായതിനാൽ റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ടി എത്ര സഹകരണ സംഘങ്ങളുടെ ഫയലുകളാണ് റവന്യൂ വകുപ്പിനു കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആകെ എത്ര തുകയാണ് പിരിച്ചെടുക്കാനുള്ളതെന്ന് വിശദമാക്കാമോ; | (എ) | 7 സഹകരണ സംഘങ്ങളുടെ ഫയലുകളാണ് റവന്യൂ വകുപ്പിനു കൈമാറിയിട്ടുള്ളത്. ആകെ 2,51,99,768/- (രണ്ട് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട്) രൂപയാണ് പിരിച്ചെടുക്കുവാൻ ഉണ്ടായിരുന്നത്. |
| (ബി) | സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് നൽകിയ ഫയലുകളിൽ എത്ര എണ്ണത്തിന്മേൽ റവന്യൂ റിക്കവറി നടത്തിയെന്നും എത്ര രൂപ പിരിച്ചെടുത്തുവെന്നും വ്യക്തമാക്കാമോ? | (ബി) | 7 സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട്, സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് നൽകിയ 9 ഫയലുകളിൽ റവന്യൂ റിക്കവറി നടത്തി **12,69,789/-** (പന്ത്രണ്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത് ) രൂപ പിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ